കേരള കാർഷിക സർവ്വകലാശാല
കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ
***Phone /Fax No: 0460 2227287, E-mail: prspanniyur@kau.in***

പി1- 459/2013(iii) തീയ്യതി: 04.01.2024

## ക്വട്ടേഷൻ പരസ്യം

പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ NHM പദ്ധതിയുടെയും കാർഷിക സർവ്വകലാശാലയുടെ ആന്തരിക വിഭവ സമാഹരണ പദ്ധതിയുടേയും ഭാഗമായി ഗുണമേന്മയുള്ള കുരുമുളക് തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഇനങ്ങളുടെ ഗുണമേന്മയുള്ള കുരുമുളക് ചെന്തലകൾ (റണ്ണർ വൈൻസ്) വിതരണം ചെയ്യുന്നതിന് കർഷകരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഒരു കുരുമുളക് ചെന്തലയുടെ (റണ്ണർ വൈൻസ്) 1 മീറ്ററിനുള്ള നിരക്ക് **എത്ര** എന്ന് ക്വട്ടേഷനിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ നികുതികളും ചാർജ്ജുകളും ഉൾപ്പെടുന്ന നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷനുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് അസി. പ്രൊഫസർ & ഹെഡ്, കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, കാഞ്ഞിരങ്ങാട് പി.ഒ, 670142 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

| ക്രമ നമ്പർ | ഇനം |
|---|---|
| 1 | പന്നിയൂർ 1, പന്നിയൂർ 2, പന്നിയൂർ 3, പന്നിയൂർ 4, പന്നിയൂർ 5, പന്നിയൂർ 6, പന്നിയൂർ 7, പന്നിയൂർ 8, പന്നിയൂർ 9 |

ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂരിലേക്ക് **"കുരുമുളക് റണ്ണർ വൈൻ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്നെഴുതണം. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 18.01.2024 ഉച്ചക്ക് ശേഷം 3.00 മണി വരെയാണ്. അന്നു തന്നെ 3.30 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന ആളുടെ ക്വട്ടേഷൻ സ്വീകരിക്കുന്നതായിരിക്കും. ക്വട്ടേഷൻ സ്വീകരിക്കുന്ന പക്ഷം കുരുമുളക് ചെന്തലകളുടെ ഗുണമേന്മ ഉറപ്പ് വരുത്തിയ ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം അസി. പ്രൊഫസർ & ഹെഡിൽ നിക്ഷിപ്തമാണ്. റണ്ണർ വൈൻ വിതരണം ചെയ്ത ശേഷം ഇൻവോയ്സ് സമർപ്പിക്കുന്ന മുറയ്ക്ക് തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം കുരുമുളക് ചെന്തല (റണ്ണർ വൈൻസ്) വിതരണം ചെയ്യേണ്ടതാണ്.

ക്വട്ടേഷൻ സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ നമ്പർ: **0460 2227287**/ 8921082050.

KERALA AGRICULTURAL UNIVERSITY
PANNIYUR - 670 142
Date..................
PEPPER RESEARCH STATION

ഒപ്പ്/-
ഡോ.രശ്മി പോൾ
അസി. പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ്
2. വില്ലേജ് ഓഫീസ് (പന്നീയൂർ)
3. കുറുമാത്തൂർ പഞ്ചായത്ത് ഓഫീസ് (കുറുമാത്തൂർ)
4. ഡോ. സഞ്ജു ബാലൻ, അസിസ്റ്റന്റ് പ്രൊഫസർ
5. കെ.എ.യു വെബ്സൈറ്റ്

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Amar 05.01.2024